**കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും**

കാസറഗോഡ് ജില്ല

**(പ്രാബല്യം: 03.08.2022 മുതൽ 07.08.2022 വരെ)**

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 03.08.2022 മുതൽ 07.08.2022 വരെ)

# കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.61/2022 | തീയ്യതി: 02/08/2022 |
|---|---|

## എ. പിന്നിട് അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 36 | 29.0 – 31.0 | 23.5 – 25.5 | 84 - 96 | 01 - 02 |

## ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 03-08-2022 | 04-08-2022 | 05-08-2022 | 06-08-2022 | 07-08-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 70 | 80 | 140 | 70 | 40 |
| കൂടിയ താപനില, °C | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 94 | 94 | 94 | 94 | 94 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 16 | 14 | 18 | 20 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 320 | 340 | 320 | 250 | 250 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

## സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **അതിതീവ്രത മഴ**** | | |
| | **ആഗസ്റ്റ് 3, 5 തീയതികളിൽ ഒറ്റപ്പെട്ട ശക്തമായതോ അതിശക്തമായതോ ആയ മഴ (24 മണിക്കൂറിൽ 7 – 20 cm ) ലഭിക്കും. ആഗസ്റ്റ് 4 തീയതിയിൽ അതി തീവ്ര മഴ (24 മണിക്കൂറിൽ 20 cm നും മുകളിൽ) ലഭിക്കും. ആഗസ്റ്റ് 6, 7 തീയതികളിൽ ഒറ്റപ്പെട്ട ശക്തമായ മഴ (24 മണിക്കൂറിൽ 7 – 11 cm ) ലഭിക്കും. ആഗസ്റ്റ് 3 മുതൽ 7 വരെ ശക്തമായ കാറ്റിനും ഇടിമിന്നലിനും സാധ്യതയുണ്ട്.** | | |

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | എല്ലാ ജല നിർഗമന ചാലുകളും തുറക്കുക.<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>കന്നുകാലികൾക്ക് ആവശ്യമായ തീറ്റകൾ ശേഖരിച്ചു വെക്കുക. വളം, വിത്ത്, തീറ്റകൾ എന്നിവ ഈർപ്പം താട്ടാത്ത ഉയർത്തിയ തറയിൽ സൂക്ഷിക്കുക<br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br>കന്നുകാലികളെ തുറന്ന സ്ഥലത്ത് കെട്ടിയിടുകയോ മേയാൻ അനുവദിക്കുകയോ ചെയ്യരുത്. അവയെ ശക്തി കുറഞ്ഞ മേൽ കൂരകൾക്കടിയിൽ പാർപ്പിക്കരുത്<br>കുഷിയിടങ്ങളിൽ ജോലി ചെയ്യുന്നവർ ഇടിമിന്നലിനെ ശ്രദ്ധിക്കുക. മരത്തണലിലോ ബലക്ഷയം വന്ന കെട്ടിടങ്ങളിലോ വിശ്രമിക്കരുത്<br>വളമിടുക, വിതയ്ക്കുക, നടീൽ തുടങ്ങിയ കാർഷികവൃത്തികൾ കാലാവസ്ഥ അനുകൂലമാകുന്നത് വരെ കുറച്ചു ദിവസത്തേക്ക് മാറ്റിവെക്കുക.<br>ഉരുൾപൊട്ടലിനു സാധ്യതയുള്ള പ്രദേശങ്ങളിൽ അതീവ ജാഗ്രത പുലർത്തുക. ദുരന്ത നിവാരണ വകുപ്പിന്റെ നിർദേശങ്ങൾ പാലിക്കുക. | |
| തെങ്ങ് | വിവിധ ഘട്ടം | പുതുതായി തൈ നട്ട തടങ്ങളിൽ വെള്ളം കെട്ടിനിൽക്കാതെ സൂക്ഷിക്കുക. തൈകുഴികളുടെ അകത്തേക്ക് വെള്ളം ഒലിച്ചിറങ്ങാത്തവണ്ണം വക്കിൽ വരമ്പുകൾ തീർക്കുക. ശക്തമായ മഴ മാറിയ ഉടനെ തന്നെ തെങ്ങിൻ തടത്തിലെ മണ്ണ് ഇളക്കി കൊടുക്കുക കൂടാതെ മണ്ണ് ഇളക്കുന്ന സമയത്തു കുമ്മായം വിതറുന്നത് അണു നശീകരണത്തിനു സഹായകമാകും |
| നെല്ല് | വിവിധ ഘട്ടം | എല്ലാ ജല നിർഗമന ചാലുകളും തുറക്കുക. ശക്തമായ മഴ മാറിയ ഉടനെ തന്നെ ബ്ലീച്ചിങ് പൌഡർ നിറച്ച സൂക്ഷ്മ സുഷിരങ്ങളുള്ള ബാഗുകൾ പാടത്തേക്കു വെള്ളം പ്രവേശിക്കുന്ന ഭാഗത്തു നിക്ഷേപിക്കുക |
| മഴമറകളിൽ ഉല്പാദിപ്പിക്കുന്ന വിളകൾ | വിവിധ ഘട്ടം | കാറ്റിനെ പ്രതിരോധിക്കാൻ ചുറ്റിലും (പൂർണമായും അടച്ചു മൂടാത്ത വിധം) ശക്തമായ വസ്തുക്കൾ കൊണ്ട് ആവരണം നൽകുക. |
| വാഴ | വിവിധ ഘട്ടം | പരമാവധി നീർ വാർച്ച ഉറപ്പാക്കുക. ശക്തമായ വസ്തുവിനാൽ താങ്ങുകൾ നൽകുക |
| കന്നു കാലി, കോഴി എന്നിവ | വിവിധ ഘട്ടം | പുറത്തേക്കു തുറന്നു വിടരുത്. ബലമുള്ളതും ഈർപ്പരഹിതവുമായ കെട്ടിടങ്ങളിൽ പാർപ്പിക്കുക. ആവശ്യത്തിന് ഭക്ഷണങ്ങൾ നേരത്തെ കരുതി വെക്കുക |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത് (ഉടൻ നടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | **ശ്രദ്ധ (കാതോർക്കുക)** | **നിസ്സാരം (നടപടികൾ ആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി